"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായുള്ള ഡോ.ജെയിംസ് ജേക്കബിന്റെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.58/2025/AGRI തീയതി, തിരുവനന്തപുരം, 13-05-2025

---

പരാമർശം :- 1. 22.2.2022 ലെ സ.ഉ.(സാധാ)149/2022/കൃഷി

2. 01.02.2023 ലെ സ.ഉ.(സാധാ)102/2023/കൃഷി

**ഉത്തരവ്**

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, പന്തിരിവേലിൽ ഡോ. ജെയിംസ് ജേക്കബിനെ ഒരു വർഷത്തേയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരം ടിയാന്റെ സേവന കാലാവധി 22.02.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കിയും ഉത്തരവായിരുന്നു.

2. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറായുമുള്ള ഡോ. ജയിംസ് ജേക്കബിന്റെ കരാർ സേവന കാലാവധി 21.02.2024 ന് അവസാനിച്ചിട്ടുള്ളതിനാൽ 22.02.2024 മുതൽ ഉത്തരവ് തീയതി വരെയുള്ള ടിയാന്റെ സേവനകാലയളവ് ക്രമീകരിച്ചുകൊണ്ടും ടിയാന്റെ പ്രസ്തുത സ്ഥാപനത്തിലെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായുമുള്ള സേവന കാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി, നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട്, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെൻ്റ്) ബോർഡ് മുഖേന നിയമനം നടത്തുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിച്ചു നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

1. മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം
2. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ മുഖാന്തിരം)
3. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തിരുനവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
സെക്ഷൻ ഓഫീസർ
Date: 13-05-2025 13:50:02

പകർപ്പ് ബഹു. കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. AGRI-PU1/161/2021/AGRI. ഇനം നം: 2925

വിഷയം : കൃഷി വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായുമുള്ള ഡോ. ജെയിംസ് ജേക്കബിന്റെ കരാർ വ്യവസ്ഥയിലുള്ള സേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

2925

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/161/2021-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായുമുള്ള ഡോ. ജയിംസ് ജേക്കബിന്റെ കരാർ വ്യവസ്ഥയിലുള്ള സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.03.2025 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. വിജിലൻസ് വകുപ്പ്<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുരേഷ് കുമാർ കെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19.4.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗവുമായുള്ള ശ്രീ. ജെയിംസ് ജേക്കബിന്റെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതു സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിച്ചിരിക്കുന്നത്.

2. ഡോ. ജെയിംസ് ജേക്കബിനെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും 22.2.2022 ലെ സ.ഉ.(സാധാ)നം.149/2022/കൃഷി പ്രകാരം, കരാർ നിയമന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കാലാവധി 21.02.2023 ൽ അവസാനിച്ചതിനാൽ 01.02.2023 ലെ സ.ഉ.(സാധാ)102/2023/കൃഷി പ്രകാരം ടിയാന്റെ സേവന കാലാവധി 22.2.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത കാലാവധി 21.2.2024 ന് അവസാനിച്ചിട്ടുള്ളതാണ്.

3. ഡോ.ജെയിംസ് ജേക്കബ് ലഭ്യമാക്കിയിട്ടുള്ള ബയോഡാറ്റാ പ്രകാരം ടിയാന്റെ ജനന തീയതി 17.06.1961-ആണ് എന്നതിനാൽ ടിയാൻ 6.11..2021 ലെ സ.ഉ(കൈ)നം.31/21/പ്ലാനിംഗ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയ്ക്കുള്ളിലാണ്.

4. ഡോ.ജയിംസ് ജേക്കബിന്റെ പി.സി.കെ.എൽ മാനേജിംഗ് ഡയറക്ടറായുള്ള സേവനകാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് വിജിലൻസ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാനെതിരെ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസുകളോ, വിജിലൻസ് അന്വേഷണങ്ങളോ നിലവില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്. വിജിലൻസ് വകുപ്പ് നിർദ്ദേശിച്ച പ്രകാരം തനിക്കെതിരെ വിജിലൻസ് കേസ്സോ / അന്വേഷണമോ, അച്ചടക്ക നടപടികളോ നിലവിലില്ലായെന്ന് ഡോ.ജെയിംസ് ജേക്കബ് സത്യവാങ്മൂലവും ലഭ്യമാക്കിയിട്ടുണ്ട്

5. ഡോ. ജെയിംസ് ജേക്കബിന്റെ നിയമനകാലാവധി ദീർഘിപ്പിക്കുന്ന വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം അറിയിച്ചിരിക്കുന്നു.

"പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായുള്ള ഡോ. ജയിംസ് ജേക്കബിന്റെ കരാർ സേവന കാലാവധി 22.02.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുന്നതിന് ധനകാര്യവകുപ്പിന് വിയോജിപ്പില്ല."

6. വിജിലൻസ് / ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജെയിംസ് ജേക്കബിന്റെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗമായ മാനേജിംഗ് ഡയറക്ടറായുമുള്ള കരാർ നിയമന വ്യവസ്ഥയിലുള്ള നിയമനകാലാവധി 21.02.2024 അവസാനിച്ചതിനാൽ 22.2.2024 മുതൽ ഉത്തരവ് തീയതി വരെയുള്ള ടിയാന്റെ പ്ലാന്റേഷൻ കോർപ്പറേഷനിലെ സേവനകാലം ക്രമീകരിക്കുന്നതും ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ടിയാന്റെ നിയമനകാലാവധി ദീർഘിപ്പിക്കുന്നതും സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു:മുഖ്യമന്ത്രിക്കു സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

7. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനു മുമ്പാകെ സമർപ്പിക്കുവാനുള്ള കരട് കുറിപ്പു സഹിതം ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗ

തീരുമാനമനുസരിച്ച് (ഇനം. 2568) 6.1.2025 ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെയും മേധാവികളുടെയും നിയമനം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിവരം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

8. കൃഷി വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കീഴിലുള്ള പത്തു പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി, കേരളാ ലാന്റ് ഡെവലപ്മെന്റ് കോപ്പറേഷൻ, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തുവാൻ തീരുമാനമായിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട വിഷയം

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായുമുള്ള ഡോ. ജയിംസ് ജേക്കബിന്റെ കരാർ സേവന കാലാവധി 21.02.2024 ന് അവസാനിച്ചിട്ടുള്ളതിനാൽ 22.02.2024 മുതൽ ഉത്തരവ് തീയതി വരെയുള്ള ടിയാന്റെ സേവനകാലയളവ് ക്രമീകരിക്കാവുന്നതും, ടിയാന്റെ നിയമന കാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട്, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നിയമനം നടത്തുന്നതു വരെയോ, ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നൽകാമോ ?